**അനുബന്ധം -1**

## 30.08.2017-ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ എട്ടാമത് യോഗത്തിന്റെ നടപടി കുറിപ്പ്

യോഗം വൈകുന്നേരം 3.30-ന് ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

കമ്മീഷന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് ചെയർമാൻ സംതൃപ്തി രേഖപ്പെടുത്തി.

കമ്മീഷന്റെ മുൻ തീരുമാനം അനുസരിച്ച് രൂപീകരിക്കപ്പെട്ട സ്ഥാപനതല കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടണമെന്നും ഇതുമായി ബന്ധപ്പെട്ട് ഉന്നതരെ ഉൾപ്പെടുത്തി ഒരു ശില്പശാല സംഘടിപ്പിച്ചു കൊണ്ട് ഉയർന്നു വരുന്ന നിർദ്ദേശങ്ങളും വസ്തുതകളും തുടർ പഠനത്തിന് ഉപയുക്തമാക്കുന്നതും ഉചിതമാകുമെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന പാർശ്വവൽകൃത വിഭാഗങ്ങളുടെ പ്രശ്നങ്ങളുടെ പഠനം ശാസ്ത്രീയമാക്കേണ്ടതുണ്ടെന്നും പഠനമേഖലയുമായി ബന്ധപ്പെട്ട ഒരു ഘടകവും പഠനപ്രക്രിയയിൽ വിട്ടുപോകാതിരിക്കുവാൻ ശ്രദ്ധിക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

ഉദ്യോഗസ്ഥശേഷി വികസനവുമായി ബന്ധപ്പെട്ട പഠനത്തിൽ സംസ്ഥാനത്തിനകത്തുള്ള പരിശീലന സ്ഥാപനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തേണ്ടതുണ്ടെന്നും ഇതിനായി കേരളത്തിന് പുറത്തുള്ള പ്രമുഖ സ്ഥാപനങ്ങൾ സന്ദർശിക്കുന്ന വേളയിൽ ഇത് എങ്ങനെ നിർവ്വഹിക്കാമെന്നത് സംബന്ധിച്ച് വ്യക്തമായ രൂപരേഖ തയ്യാറാക്കണമെന്നും ചെയർമാൻ നിർദ്ദേശിച്ചു. ഐ.എം.ജി.യെ പരിശീലനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി ഉയർത്താൻ കഴിയുമോ എന്ന കാര്യം സൂക്ഷ്മമായി വിലയിരുത്തേണ്ടതാണെന്നും ചെയർമാൻ ചൂണ്ടിക്കാട്ടി.

മുൻ യോഗ തീരുമാനങ്ങൾ സംബന്ധിച്ച് ഇതു വരെ സ്വീകരിച്ച നടപടികൾ കമ്മീഷൻ മെമ്പർ സെക്രട്ടറി യോഗത്തെ അറിയിച്ചു. അതോടൊപ്പം സ്ഥാപനതല കമ്മിറ്റികൾ സംബന്ധിച്ച് ചെയർമാൻ ചൂണ്ടിക്കാട്ടിയ വിഷയത്തിന്മേൽ മെമ്പർ സെക്രട്ടറി വിശദീകരണം നൽകി. ഉദ്യോഗസ്ഥ ശേഷി വികസനം സംബന്ധിച്ച് ഇപ്പോൾ നടന്നുവരുന്ന പഠനം ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിയുമെന്നും മെമ്പർ സെക്രട്ടറി അറിയിച്ചു.

പാർശ്വവൽകൃത വിഭാഗങ്ങളുമായി ബന്ധപ്പെട്ടുള്ള പഠനത്തിന്റെ തൽസ്ഥിതിയെക്കുറിച്ച് കമ്മീഷൻ മെമ്പർ ശ്രീമതി നീലാ ഗംഗാധരൻ വിശദീകരിച്ചു. ഈ പഠനം ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ കഴിയുമെന്ന് മെമ്പർ അറിയിച്ചു. പാർശ്വവൽകൃത വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പഠനങ്ങളിൽ ഓംബുഡ്സ്മാൻ സ്ഥാപനങ്ങളായ മനുഷ്യാവകാശ കമ്മീഷനും പട്ടികജാതി കമ്മീഷനും ഉൾപ്പെടെയുള്ള വിവിധ കമ്മീഷനുകളെ കൂടി പരിഗണിക്കണമെന്ന് കമ്മീഷൻ മെമ്പർ കൂട്ടിച്ചേർത്തു.

പൗരകേന്ദ്രീകൃത സേവനം സംബന്ധിച്ച പഠനത്തിനായി രൂപരേഖ തയ്യാറാക്കിയതിനു ശേഷം ശില്പശാല സംഘടിപ്പിച്ച് വിശദമായി ചർച്ച ചെയ്യുന്നത് ഉചിതമായിരിക്കുമെന്ന് കമ്മീഷൻ മെമ്പർ ശ്രീ.സി.പി.നായർ അഭിപ്രായപ്പെട്ടു. അഴിമതി നിരോധനവുമായി ബന്ധപ്പെട്ട് ഇനി പൂർത്തിയാക്കാനുള്ള വിഷയങ്ങളിൽ തുടർപഠനങ്ങൾ നടത്തേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

**<u>യോഗതീരുമാനങ്ങൾ</u>**

1. 3.07.2017 ൽ ഭരണ പരിഷ്കാര കമ്മീഷന്റെ ഏഴാമത് യോഗത്തിന്റെ മിനിറ്റ്സിൽ 'വിജിലൻസ് സംവിധാനം-പരിഷ്കരണം' എന്ന വിഷയവു മായി ബന്ധപ്പെട്ട് കമ്മീഷൻ അംഗം ശ്രീമതി നീലാ ഗംഗാധരൻ ആവശ്യപ്പെട്ട ഭേദഗതി ഉൾപ്പെടുത്താൻ യോഗം അംഗീകാരം നല്കി.
2. 3.07.2017 ൽ യോഗ തീരുമാനങ്ങളിലുള്ള നടപടി റിപ്പോർട്ട് അംഗീകരിച്ചു.
3. കമ്മീഷന്റെ അടുത്ത പഠനവിഷയമായ പൗരകേന്ദ്രീകൃത സേവനങ്ങൾ സംബന്ധിച്ച് ശില്പശാല സംഘടിപ്പിക്കാൻ തത്വത്തിൽ തീരുമാനിച്ചു. ഇതിന് വേണ്ടിയുള്ള അടിസ്ഥാന വിവരങ്ങൾ അടിയന്തിരമായി ശേഖരിച്ച് രൂപരേഖ തയ്യാറാക്കേണ്ടതാണ്.
4. പാർശ്വവത്കൃത മേഖലയിലെ പഠനത്തിന്റെ ഭാഗമായി ആദിവാസികൾ, മൽസ്യതൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശവാസികൾ, പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾ, തെരുവ് ജീവിതങ്ങൾ എന്നിങ്ങനെയുള്ള വിഭാഗങ്ങളെ കൂടി പാർശ്വവൽകൃത മേഖലയിലെ പഠനത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. പഠനത്തിന്റെ ലക്ഷ്യവും രീതിശാസ്ത്രവും ഉൾപ്പെടെ വ്യക്തമായി നിർവഹിക്കുകയും പഠനം തികച്ചും ശാസ്ത്രീയമാക്കുകയും വേണമെന്നും തീരുമാനിച്ചു.
5. ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം സംബന്ധിച്ച് നേരത്തെ പഠനം നടത്തപ്പെട്ട വിജിലൻസ് ഒഴികെയുള്ള മറ്റ് മേഖലകളിലേക്ക് പഠനം വ്യാപിപ്പിക്കുന്നതിനും പഠനവിഷയങ്ങളുടെ മുൻഗണനാ ക്രമം തുടർന്ന് ചർച്ച ചെയ്ത് നിശ്ചയിക്കുന്നതിനും തീരുമാനിച്ചു.
6. ചെയർമാൻ ഫയലിൽ അംഗീകരിച്ചതിൻ പ്രകാരം, ഉദ്യോഗസ്ഥ ശേഷി വികസനം

സംബന്ധിച്ച പഠന പ്രക്രിയയുടെ ഭാഗമായി രാജ്യത്തെ പ്രധാനപ്പെട്ട പരിശീലന സ്ഥാപനങ്ങളിൽ സന്ദർശനം നടത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

7. പാർശ്വവൽകൃത വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തങ്ങളെ സംബന്ധിച്ചുള്ള പഠനങ്ങളിൽ ഓംബുഡ്സ്മാൻ സ്ഥാപനങ്ങളായ മനുഷ്യാവകാശ കമ്മീഷനും പട്ടികജാതി കമ്മീഷനും ഉൾപ്പെടെയുള്ള വിവിധ കമ്മീഷനുകളെ കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതു സംബന്ധിച്ച് വിശദമായ ചർച്ചകൾക്കു ശേഷം തീരുമാനമെടുക്കുന്നതാണ്.

8. മാനേജ്മെന്റ് രംഗത്തെ കേരളത്തിലെ പ്രമുഖ ദേശീയ സ്ഥാപനമെന്ന നിലയിൽ പ്രശസ്തിയാർജ്ജിച്ച കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തനങ്ങളുമായി അസോസിയേറ്റ് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

9. സർക്കാർ സംവിധാനത്തിന്റെ കാലോചിതമായ ഘടനാ പരിഷ്കരണം അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തി. അതിനാൽ ഇത് സംബന്ധിച്ച പഠനം കമ്മീഷൻ ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായി ദേശീയ തലത്തിൽ തന്നെ പ്രശസ്തരായ വ്യക്തികളുമായി ആശയവിനിമയം നടത്തുന്നതിന് തീരുമാനിച്ചു.

10. കമ്മീഷന്റെ വിവിധ മേഖലകളിലെ പഠനങ്ങളുടെ ഭാഗമായി കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന്റെ കീഴിലുള്ള ഭരണപരിഷ്കാര വിഭാഗം സെക്രട്ടറിയെ നേരിൽ കണ്ട് ചർച്ച നടത്തുന്നതിന് കമ്മീഷൻ മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

11. കമ്മീഷന്റെ പഠനങ്ങളിൽ 'കില'യെ കൂടി അസോസിയേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

12. നിലവിൽ നടന്ന് വരുന്ന വെൽഫെയർ ലെജിസ്ലേഷൻ സംബന്ധിച്ച പഠനങ്ങളുടെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങൾ (ഉദാ: മാനസികാരോഗ്യ കേന്ദ്രങ്ങൾ, വൃദ്ധസദനങ്ങൾ, സ്പെഷ്യൽ സ്കൂളുകൾ, വനിതാ മന്ദിരങ്ങൾ തുടങ്ങിയവ) നേരിൽ സന്ദർശിച്ച് തൽസ്ഥിതി മനസ്സിലാക്കുന്നതിന് തീരുമാനിച്ചു.

13. പൊതുജനങ്ങൾക്കുള്ള ചോദ്യാവലികൾക്ക് പ്രതികരണങ്ങൾ ലഭിച്ചാലുടൻ വെൽഫെയർ നിയമങ്ങളുമായി ബന്ധപ്പെട്ട പബ്ളിക് ഹിയറിംഗുകൾ നടത്താൻ തീരുമാനിച്ചു.

14. കമ്മീഷന്റെ ഒൻപതാമത് യോഗം 2017 ഒക്ടോബർ മാസം 24 ന് ഉച്ചയ്ക്ക് ശേഷം 3.30 ന് ചേരുന്നതാണ്.

യോഗം 4.30 ന് അവസാനിച്ചു.